**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംയുക്ത റോഡു നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് - മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.2179/14/തസ്വഭവ തിരുവനന്തപുരം, തീയതി, 21.08.2014

---

പരാമർശം: 06.08.2012 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.2 നമ്പർ തീരുമാനം.

## ഉത്തരവ്

ബ്ലോക്ക് പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിക്ക് നിർബന്ധമായും തുക വകയിരുത്തിയതിനുശേഷം മാത്രമേ റോഡ് പണികൾക്ക് തുക വകയിരുത്താവൂ. അപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഒരു റോഡിന് 5 ലക്ഷം രൂപ വകയിരുത്തുകയും റോഡിന്റെ വീതി 6 മീറ്റർ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത റോഡ് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, പ്രസിഡന്റുമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).
4. തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പ്
5. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
6. ചീഫ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ